സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.

*ഫോൺ : 0471 2315156; ഫാക്സ് :0471 2315156;*

## വിജ്ഞാപനം

### കൊല്ലവർഷം 1193-ലെ ശബരിമല/മാളികപ്പുറം ദേവസ്വങ്ങളിൽ മേൽശാന്തി മാരുടെ നിയമനം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊല്ലവർഷം 1193 -ലെ ശബരിമല/ മാളികപ്പുറം ദേവസ്വങ്ങളിലെ മേൽശാന്തിമാരായി തെരഞ്ഞെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ 1193 ചിങ്ങ മാസം ഒന്നാം തീയതി 35 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരും എസ്.എസ്. എൽ.സിയോ തത്തുല്യ പരീക്ഷയോ വിജയിച്ചവരും രണ്ട് നേരം നടതുറന്നിരിക്കുന്നതും മൂന്നു പൂജകളുള്ളതും എല്ലാ ദിവസവും പൊതുജനങ്ങൾക്ക് ദർശനത്തിന് അവസരം നല്കുന്നതുമായ ക്ഷേത്രത്തിലോ/ ക്ഷേത്രങ്ങളിലോ ആകെ പന്ത്രണ്ട് വർഷങ്ങളിൽ പത്തു വർഷങ്ങളിൽ തുടർച്ചയായി മേൽശാന്തി സേവനം നടത്തിയിട്ടുള്ളവരും, സൽസ്വഭാവികളും സദാചാര വിരുദ്ധ നടപടികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും നല്ല ശാന്തിക്കാരൻ എന്ന നിലയിൽ സമൂഹത്തിൽ അംഗീകാരമുള്ളവരും, ക്രിമിനൽ കേസിൽ പ്രതി ചേർക്കുകയോ, ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്തവരും, അംഗവൈകല്യമോ ഗുരുതരമായ അസുഖങ്ങളോ ഇല്ലാത്തവരും നിലവിൽ പൂർണ്ണമായും ശാന്തി ജോലി നോക്കുന്നവരും, സംസ്കൃത ഭാഷയിലും ശബരിമല, മാളികപ്പുറം ദേവ സങ്കൽപ്പങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അറിവുള്ളവരും ആയ കേരളത്തിൽ ജനിച്ചതും കേരളീയചാര പ്രകാരം പൂജ/താന്ത്രിക കർമ്മങ്ങൾ അഭ്യസിച്ചിട്ടുള്ളവരും ആയ മലയാള ബ്രാഹ്മണർ ആയിരിക്കണം. അപേക്ഷകർ ഇപ്പോൾ പൂർണ്ണമായും മേൽ ശാന്തി ജോലി നോക്കിവരുന്നവരായിരിക്കേണ്ടതും, സർക്കാർ/അർദ്ധ സർക്കാർ/മറ്റ് സ്ഥാപന ങ്ങളിൽ ജോലി നോക്കുന്നവരോ, ബിസ്സിനസ്സിലോ മറ്റ് തൊഴിലുകളിലോ ഏർപ്പെട്ടിരിക്കുന്നവരോ ആയിരിക്കാൻ പാടില്ലാത്തതുമാണ്.

ദേവസ്വം ബോർഡിന്റെ കീഴിൽ മാസം-മാറാടി വ്യവസ്ഥയിൽ ജോലി നോക്കിയിരുന്നവരിൽ കീഴ്ശാന്തിയായി ജോലി നോക്കിയ കാലയളവും തുടർച്ചയായ സർവീസായി പരിഗണിക്കുന്നതാണ്. ശബരിമല/മാളികപ്പുറം ദേവസ്വങ്ങളിൽ മുൻപ് മേൽശാന്തിയായി ജോലി നോക്കിയിരുന്നവർക്ക് വീണ്ടും ടി ക്ഷേത്രങ്ങളിൽ ഏതിലേയ്ക്കങ്കിലും മേൽശാന്തിയായി അപേക്ഷിക്കുന്നതിന് കുറഞ്ഞത് പത്തു വർഷത്തെ ഇടവേള ഉണ്ടായിരിക്കേണ്ടതാണ്. അപേക്ഷാഫാറവും നിബന്ധനകളും ദേവസ്വം ബോർഡിന്റെ **"www.travancoredevaswomboard.org"** എന്ന ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. അപേക്ഷയോടൊപ്പം "ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം" എന്ന വിലാസത്തിൽ തിരുവനന്തപുരത്തു മാറാവുന്ന ഏതെങ്കിലും നാഷണലൈസ്ഡ് / ഷെഡ്യൂൾഡ് ബാങ്കിലെ 2500/- രൂപയുടെ (രണ്ടായിരത്തി അഞ്ഞൂറ് രൂപ) ഡിമാൻഡ് ഡ്രാഫ്റ്റ് ചേർത്തിരിക്കേണ്ടതാണ്. ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം ഹാജരാക്കേ ണ്ടതുമാണ്. അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള നിബന്ധനകൾക്ക നുസരണമല്ലാത്ത ഒരു അപേക്ഷയും പരിഗണിക്കുന്നതല്ല. പൂരിപ്പിച്ച അപേക്ഷയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും "ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, കവടിയാർ പി.ഒ, തിരുവനന്തപുരം-695003." എന്ന വിലാസത്തിൽ 10-08-2017 വൈകുന്നേരം 5.00 മണിക്ക് മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത് "1193 -ലെ ശബരിമല/മാളികപ്പുറം മേൽശാന്തി നിയമനത്തിനുള്ള അപേക്ഷ " എന്ന് വ്യക്തമായി എഴുതിയിരിക്കേണ്ടതാണ്.

ദേവസ്വം കമ്മീഷണർ

ആർ.ഒ.സി.46/17/എസ്.
ദേവസ്വം കമ്മീഷണർ ഓഫീസ്.
20-07-2017.